# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 129

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ.ബാലൻ :<br>ശ്രീ. സി.രവീന്ദ്രനാഥ് :<br>ശ്രീ. ബി.സത്യൻ :<br>ശ്രീ. രാജു എബ്രഹാം : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് അദാനി പോർട്സ് ലിമിറ്റഡ് സമർപ്പിച്ച ടെണ്ടർ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ അംഗീകരിച്ച പ്രമുഖ വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) അദാനി പോർട്സ് ലിമിറ്റഡ് സമർപ്പിച്ച ടെണ്ടർ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) ടെണ്ടറിൽ പ്രതീക്ഷിച്ചിരുന്ന പ്രവൃത്തികളുടെ വ്യാപ്തി വിശദമാക്കാമോ ; അദാനി പോർട്സിന്റെ ടെണ്ടറിൽ ഇവയെല്ലാം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്തപ്പെട്ടവ ഏതെല്ലാം ; അവയ്ക്കോരോന്നിനും കണക്കാക്കപ്പെട്ട എസ്റ്റിമേറ്റ് തുക എത്ര; ഏത് വർഷത്തെ നിരക്കുകളുടെ അടിസ്ഥാനത്തിലുള്ളതാണ് എസ്റ്റിമേറ്റുകൾ ; ഏത് തീയതികൾക്കകം ഓരോ പ്രവൃത്തിയും പൂർത്തീകരിക്കപ്പെടും ; മൊത്തം എന്തു തുക എസ്റ്റിമേറ്റുള്ള പ്രവൃത്തികൾ അദാനി പോർട്ട് നിർവ്വഹിക്കും ; | (ബി) തെരഞ്ഞെടുക്കപ്പെടുന്ന ബിഡ്ഡർ ചെയ്യേണ്ടുന്ന പ്രവർത്തികളും ടെണ്ടറിന്റെ വ്യവസ്ഥകളും എല്ലാം തന്നെ കരടു കരാറായി ബിഡ് വാങ്ങിയിട്ടുള്ള എല്ലാ ബിഡ്ഡേർസിനും ബിഡിന്റെ അവസാന തീയതിയ്ക്കു മുമ്പ് തന്നെ അയച്ച് കൊടുത്തിട്ടുള്ളതും ഇതിലെ വ്യവസ്ഥകൾ ബിഡ് ചെയ്യുന്ന എല്ലാ ബിഡ്ഡേർസിനും ബാധകവുമാണ്. ബിഡ്ഡേർസിനെ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള ഏക മാനദണ്ഡം അവർ ചോദിക്കുന്ന ഗ്രാന്റോ അല്ലെങ്കിൽ അവർ സർക്കാരിന് നല്കാം എന്നു പറയുന്ന പ്രീമിയമോ മാത്രമാണ്. അദാനി പോർട്ട്സ് ഉൾപ്പെടെ ആർക്കും ഇതിൽ നിന്നും വ്യത്യസ്തമായി ഒരു വ്യവസ്ഥകളും നിർദ്ദേശിയ്ക്കുക സാധ്യമല്ല. കരടു കരാറിൽ പറഞ്ഞിട്ടുള്ള പ്രവർത്തികളും കണക്കാക്കപ്പെട്ടിട്ടുള്ള |

എസ്റ്റിമേറ്റ്സ് തുകയും ചുവടെ കൊടുക്കുന്നു.

1. പി.പി.ഘടകം (ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, ബെർത്ത്, എക്വിപ്മെന്റ് & സൂപ്പർ സ്ട്രക്ച്ചർ) : 4089 കോടി (DEA അംഗീകരിച്ചത്)
2. ഫണ്ടഡ് വർക്ക് (ബ്രേക്ക് വാട്ടർ & ഫിഷിംഗ് ഹാർബർ) : 1463 കോടി

2015 ലെ നിരക്കനുസരിച്ചാണ് എസ്റ്റിമേറ്റ്സ് തുക നിശ്ചയിച്ചിരിക്കുന്നത്. ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥയനുസരിച്ച് മുഴുവൻ പണിയും നാല് കൊല്ലം കൊണ്ട് പൂർത്തിയാക്കി, തുറമുഖത്തിന്റെ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിക്കണം. ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിലെ Schedule - G പ്രകാരം Appointed Date ൽ നിന്ന് 365 ാം ദിവസത്തിനുള്ളിൽ കരാറുകാരൻ തുറമുഖ നിർമ്മാണം ആരംഭിയ്ക്കുകയും മൊത്തം മൂലധനത്തിന്റെ 10% ചെലവഴിക്കുകയും ചെയ്യണം. അതുപോലെ തന്നെ 600 ാം ദിവസം 25% വും 900 ാം ദിവസം 60% വും 1460 ാം ദിവസം 100% വും പണി പൂർത്തിയാക്കിയിരിക്കണം.

(സി) അദാനി പോർട്സ് ക്വാട്ട് ചെയ്ത ടെണ്ടറിന്റെ വ്യാപ്തിക്ക് പുറത്തുള്ള എന്തെല്ലാം അടിസ്ഥാന വികസന പ്രവൃത്തികൾ സംസ്ഥാന സർക്കാർ നിർവ്വഹിക്കേണ്ടതായിട്ടുണ്ട് ; അവ ഓരോന്നിനും 2015 ലെ നിരക്കിലുള്ള എസ്റ്റിമേറ്റ് തുക എത്ര ; മൊത്തം എന്തു തുകയുടെ പ്രവൃത്തികൾ സർക്കാർ ചെയ്യേണ്ടതായി വരും ; കരാർ പ്രകാരം അദാനി പോർട്സ് വഴിയും സർക്കാർ വഴിയും നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളുടെ 2015 ലെ നിരക്കനുസരിച്ച പ്രതീക്ഷിക്കുന്ന മൊത്തം തുക എത്ര ;

(സി) റെയിൽ, വൈദ്യുതി, ജലം എന്നിവയാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ അദാനി പോർട്ട്സ് ക്വാട്ട് ചെയ്ത ടെണ്ടറിന്റെ വ്യാപ്തിക്ക് പുറത്ത് നിർവ്വഹിക്കേണ്ട അടിസ്ഥാന വികസന പ്രവർത്തികൾ. ഇവ ഓരോന്നിനും 2015 ലെ നിരക്കനുസരിച്ചുള്ള തുക ചുവടെ ചേർത്തിരിയ്ക്കുന്നു.

| | |
|---|---|
| Rail | - 400 Crore |
| Power | - 60 Crore |
| Water | - 7 Crore |

- തുറമുഖ നടത്തിപ്പിന്റെ 7 -ാംവർഷം പൂർത്തിയാകുന്നതുമുതൽ 10% വരുമാന വിഹിതം.

- 2012 ഡിസംബറിൽ പദ്ധതിയുടെ സാങ്കേതിക ഉപദേഷ്ടാക്കളായ AECOM തയ്യാറാക്കിയ രൂപരേഖ പ്രകാരം പദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും 18000 TEU ശേഷിയുള്ള കപ്പൽ അടുക്കാവുന്ന രീതിയിൽ രൂപരേഖ നവീകരിയ്ക്കുകയും ചെയ്തു. കൂടാതെ ബർത്തിന്റെ നീളം 650 മീറ്ററിൽ നിന്ന് 800 മീറ്ററായി നവീകരിച്ചു.

- ഒന്നാം ഘട്ട തുറമുഖത്തിന്റെ ശേഷി ഒരു മില്ല്യൺ ടി.ഇ.യു ആയിരിയ്ക്കണം.

- രണ്ടാംഘട്ട പ്രവർത്തനം 30 വർഷത്തിനു മുമ്പായി നടത്തുകയാണെങ്കിൽ മാത്രമേ 20 വർഷത്തെ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി നാളിതുവരെ ചെലവഴിക്കേണ്ടി വന്ന തുക : 523.8 കോടി

(എഫ്) പദ്ധതി വികസിപ്പിക്കൽ, മാനേജ്മെന്റ്, ലാഭവിഹിതം പങ്കിടൽ എന്നിവ ഉൾപ്പടെയുള്ള ടെണ്ടറിലെ പ്രമുഖ നിർദ്ദേശങ്ങൾ എന്തെല്ലാം ?

(എഫ്)

- ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, ബെർത്ത്, എക്വിപ്മെന്റ് & സൂപ്പർ സ്ട്രക്ച്ചർ, ബ്രേക്ക് വാട്ടർ, ഫിഷിംഗ് ഹാർബർ എന്നിവയുടെ പണി നാലു വർഷം കൊണ്ട് പൂർത്തിയാക്കണം. പദ്ധതിയുടെ നടത്തിപ്പ് കാലാവധി 36 വർഷത്തേയ്ക്കും ആണ്.
- തുറമുഖ നടത്തിപ്പിന്റെ 15-ാം വാർഷം അവസാനിക്കുന്നതു മുതൽ വരുമാന വിഹിതം ഉണ്ടായിരിക്കും.
- വരുമാന വിഹിതം ഒരു ശതമാനത്തിൽ നിന്നും തുടങ്ങി ഓരോ വർഷവും ഓരോ ശതമാനം കൂടി പരമാവധി 40% വരെ ആകും.
- മെയിന്റനൻസ് ഡ്രെഡ്ജിംഗ്, റോഡ്, സിവിൽ ഇൻഫ്രാസ്ട്രക്ച്ചർ, മറൈൻ ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുടെ പരിപാലനം കരാറുകാരനാണ്.
- കരാറുകാരൻ നികത്തി എടുക്കുന്ന 131 ഏക്കർ ഭൂമിക്കു പുറമേ (Clause 2.4.2 in Annex 1 of Schedule B). ലൈസൻസ് പ്രകാരം അനുവദിച്ചു നല്കുന്ന ഏറ്റെടുത്ത ഭൂമി 220 ഏക്കറായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഏറ്റെടുത്ത ഭൂമിയുടെ വിജ്ഞാപനം കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (Annex 1 of Schedule A).
- കരാറുകാരന് സ്വന്തം മുതൽ മുടക്കിൽ 30% ഭൂമിയിൽ പോർട്ട് എസ്റ്റേറ്റ് വികസിപ്പിക്കാം.

- തുറമുഖ നടത്തിപ്പിന്റെ 7 –ാംവർഷം പൂർത്തിയാകുന്നതുമുതൽ 10% വരുമാന വിഹിതം.

- 2012 ഡിസംബറിൽ പദ്ധതിയുടെ സാങ്കേതിക ഉപദേഷ്ടാക്കളായ AECOM തയ്യാറാക്കിയ രൂപരേഖ പ്രകാരം പദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും 18000 TEU ശേഷിയുള്ള കപ്പൽ അടുക്കാവുന്ന രീതിയിൽ രൂപരേഖ നവീകരിയ്ക്കുകയും ചെയ്തു. കൂടാതെ ബർത്തിന്റെ നീളം 650 മീറ്ററിൽ നിന്ന് 800 മീറ്ററായി നവീകരിച്ചു.

- ഒന്നാം ഘട്ട തുറമുഖത്തിന്റെ ശേഷി ഒരു മില്ല്യൺ ടി.ഇ.യു ആയിരിയ്ക്കണം.

- രണ്ടാംഘട്ട പ്രവർത്തനം 30 വർഷത്തിനു മുമ്പായി നടത്തുകയാണെങ്കിൽ മാത്രമേ 20 വർഷത്തെ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**